പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) സംസ്ഥാനം വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്കായുള്ള നയം അംഗീകരിക്കുകയും വയോ സൗഹൃദ പഞ്ചായത്തുകൾ എന്ന പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ ഉടക്കം കുറിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾഡ് ഏജ് പെൻഷൻ, ആരോഗ്യ സംരക്ഷണം, സ്ഥാപനപരമായ സംരക്ഷണം, ഡിമെൻഷ്യ കെയർ, വയോഅമൃതം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.

(ബി) വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി ഒരു റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായി പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മുൻ അഡീഷണൽ എ. ജി. ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി

29 (*299) ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി എന്തെന്ന് വിശദമാക്കുമോ;

(ബി) വേതനമിനത്തിൽ തൊഴിലാളികൾക്കുള്ള കുടിശ്ശിക നൽകുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തെഴിലുറപ്പ് നിയമം വകുപ്പ് 22 പ്രകാരം, സംസ്ഥാനം സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് മതിയായ ഫണ്ട് യഥാസമയം അനുവദിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച് സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് പ്രകാരമുള്ള ഫണ്ട് യഥാസമയം ലഭിക്കാത്തതുമൂലം തൊഴിലാളികളുടെ കൂലി, സാധനഘടകത്തിന്റെ വില എന്നിവ കുടിശ്ശികയാവുകയും ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. 1-1-2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസത്തിനകം മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്.-ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാറാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധിതമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്.

അഗ്രോ സർവ്വീസ് സെന്ററുകൾ

30 (*300) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) അഗ്രോ സർവ്വീസ് സെന്ററുമായി ബന്ധപ്പെട്ട് 2015-16-ൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

2. നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി.

3. അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം മണ്ണ് പരിശോധനാ ലാബുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly